**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1703** **05-07-2022 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് ലക്ച്ചറർമാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പോളിടെക്നിക്കുകളിൽ എ.ഐ.സി.ടി.ഇ. യോഗ്യതയുള്ള ലക്ച്ചറർമാർ യോഗ്യതയില്ലാത്ത ലക്ച്ചറർമാരെക്കാൾ കുറഞ്ഞ ശമ്പളം വാങ്ങുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്. 27.06.2016 തീയതിയായുള്ള സർക്കാർ ഉത്തരവ് സ.ഉ(കൈ)252/2016/ധന പ്രകാരം, എ.ഐ.സി.ടി.ഇ സ്കീം നടപ്പിലാക്കിയപ്പോൾ നിലവിലെ ശമ്പളത്തേക്കാൾ ആനുകൂല്യം 6000/- രൂപയിൽ കുറവ് കിട്ടിയവർക്ക് 2013 ൽ പൂർത്തിയായ ഓരോ വർഷത്തിനും 0.25% വർദ്ധനവ് നല്കി ഉത്തരവായിരുന്നു. അതിനു ശേഷം വസ്തുതകൾ വീണ്ടും പരിശോധിക്കുകയും,27.07.2021 തീയതിയായുള്ള സർക്കാർ ഉത്തരവ് , സ.ഉ. (സാധാ) നം. 955/2021 / ഉ.വി.വ പ്രകാരം 0.25% എന്നത് 1% ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പോളിടെക്നിക്കുകളിൽ ലക്ച്ചറർമാർക്ക് അർഹമായ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രമോഷൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിലെ അദ്ധ്യാപകർക്ക് 28.01.2021 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) 37/2021/ഉ.വി.വ പ്രകാരം കരിയർ അഡ്വാൻസ്മെൻറ് സ്കീം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. |
| (സി) | പോളിടെക്നിക്കിൽ ലക്ച്ചറർമാർക്ക് 2016 മുതൽ ലഭിക്കേണ്ട ഏഴാം ശമ്പള പരിഷ്കരണം എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത് എന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിലെ അദ്ധ്യാപകർക്ക് 16.02.2021 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) 97/2021/ഉ.വി.വ, 10.06.2022 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) 291/2022/ഉ.വി.വ പ്രകാരം ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ